ഭരണഭാഷ മാതൃഭാഷ

**വളരെ അടിയന്തരം**

AHD/2858/2019-L3

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്
വികാസ് ഭവൻ,തിരുവനന്തപുരം -33
ഫോൺ : 0471 -2302283
ഇമെയിൽ : directorah.ker@nic.in
തീയതി :17/11/2019

## സർക്കുലർ

വിഷയം:- മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് -പെൻഷൻ- മൃഗസംരക്ഷണവകുപ്പിലെ ജീവനക്കാരുടെ പെൻഷൻ അനുബന്ധരേഖകൾ പൂർണ്ണമായും ഓൺലൈനായി പ്രിസം വഴി മാത്രം സമർപ്പിയ്ക്കുന്നതു - സംബന്ധിച്ച്

സൂചന:- (1)25/03/2019-ലെ സ.ഉ.(പി)നം.35/2019/ധന. നമ്പർ സർക്കാർ ഉത്തരവ്
(2)17/09/2019-ലെ 78/2019/ധന. നമ്പർ സർക്കാർ പരിപത്രം.
(3)ഈ ഓഫീസിലെ 11/04/2019-ലെ ഇതേ നമ്പർ സർക്കുലർ .
(4)ഈ ഓഫീസിലെ 05/10/2019-ലെ ഇതേ നമ്പർ കത്ത്.
(5)ഈ ഓഫീസിലെ 18/10/2019-ലെ ഇതേ നമ്പർ സർക്കുലർ.

സൂചനകളിലേയ്ക്ക് അടിയന്തിര ശ്രദ്ധ ക്ഷണിയ്ക്കുന്നു. മൃഗസംരക്ഷണവകുപ്പിലെ ജീവനക്കാരുടെ പെൻഷൻ അനുബന്ധ രേഖകൾ പൂർണ്ണമായും ഓൺലൈനായി പ്രിസം വഴി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ നോഡൽ ഓഫീസറായി മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ .എ.സുധേഷിനെ സൂചന (4) പ്രകാരം നിയോഗിയ്ക്കുകയും സൂചന (5) പ്രകാരം വകുപ്പിൽ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്ക് 23/10/2019-ന്ന തിരുവനന്തപുരം ജില്ലാമൃഗസംരക്ഷണ ഓഫീസറുടെ കാര്യാലയത്തിൽ വച്ച് ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ പരിശീലനം നൽകുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ **20/11/2019-ന്ന ശേഷം** പെൻഷൻ അനുബന്ധ രേഖകൾ പൂർണ്ണമായും ഓൺലൈനായി പ്രിസം വഴി മാത്രം സമർപ്പിയ്ക്കുവാൻ നിർദ്ദേശിയ്ക്കുന്നതോടൊപ്പം പ്രസ്തുത തീയതിക്ക് ശേഷം പെൻഷൻ അനുബന്ധ രേഖകൾ ഫിസിക്കൽ ആയി സ്വീകരിക്കുന്നതല്ല എന്നും അറിയിയ്ക്കുന്നു.

Signature Not Verified
Digitally signed by Dr M K Prasad
Date: 2019.11.17 17:31:32 IST
Reason: Approved

മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ

സ്വീകർത്താവ് : (1) മൃഗസംരക്ഷണവകുപ്പിലെ എല്ലാ ഓഫീസർമാർക്കും
(2) ഐ.റ്റി.ഓഫീസർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)